# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രഹ്ളാദൻ. ജി യ്ക്ക് സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാപട്ടികയിൽ സീനിയോറിറ്റി പുന.സ്ഥാപിച്ച് നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നു.

---

ഉത്തരവ് നം. സി 1/7454/2016/കോ.വി.വ. തീയതി 06.03.2020

---

പരാമർശം: 1) 27/12/2017 ൽ സി 1/7454/2016/കോ.വി.വ പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടിക.

2) 03/01/2018, 31.05.2018, 14.10.2019 തീയതികളിലായി സീനിയർ ക്ലാർക്ക് ശ്രീ. ജി. പ്രഹ്ളാദൻ സമർപ്പിച്ച അപേക്ഷ.

3) 17/01/2020 തീയതിയിലായി ശ്രീമതി. ഗീത.ടി സമർപ്പിച്ച കത്ത്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 31.07.2011 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാപട്ടിക പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി പട്ടികയിൽ ഈ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ജി. പ്രഹളാദന്റെ സ്ഥാനം അദ്ദേഹത്തിന്റെ ജൂനിയർ ശ്രീമതി. ഗീതാ.ടിയേക്കാളും പിന്നിലാണെന്നും ആയത് പരിഹരിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം ശ്രീ. പ്രഹ്ളാദൻ.ജി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിൽ ശ്രീ. ജി. പ്രഹ്ളാദനും ശ്രീമതി. ഗീത. ടിയും ഒരേ അഡ്വൈസ് പ്രകാരം നിയമനം ലഭിച്ചവരാണ്. അതിൽ ശ്രീ. പ്രഹ്ളാദന്റെ സ്ഥാനം 3 ഉം ശ്രീമതി. ഗീതാ.ടിയുടെ സ്ഥാനം 4 ഉം ആണ്. യു.ഡി ക്ലാർക്കുമാരുടെ താത്കാലിക മുൻഗണനാ പട്ടികയിൽ ശ്രീ. ജി. പ്രഹ്ളാദന്റെ സ്ഥാനം ശ്രീമതി. ഗീതാ.ടി യ്ക്ക് മുകളിലായിരുന്നു. അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച സമയത്തുള്ള ക്ലറിക്കൽ പിഴവാണ് അദ്ദേഹത്തിന്റെ മുൻഗണന സ്ഥാനം മാറുന്നതിനുള്ള കാരണം. മേൽ സാഹചര്യത്തിൽ ശ്രീ. ജി. പ്രഹ്ളാദന് സീനിയോറിറ്റി പുന.സ്ഥാപിച്ചു നൽകുന്നതിന് ശ്രീമതി.ഗീതാ.ടിയ്ക്ക് പരാതി ഉള്ളപക്ഷം വകുപ്പിനെ അറിയിക്കുവാൻ നോട്ടീസ് നൽകുകയും ആവശ്യമെങ്കിൽ നേരിൽ കേൾക്കുന്നതിനായി 20.01.2020 ന് ഹാജരാകുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ശ്രീമതി. ഗീത.ടി ആക്ഷേപം ഒന്നും ഇല്ലായെന്ന് പരാമർശം (3) പ്രകാരം അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ശ്രീ.ജി. പ്രഹ്ളാദന്റെ സ്ഥാനം ക്രമ നം. 59 ൽ നിന്ന് 58 ആയും ശ്രീമതി. ടി ഗീതയുടെ സ്ഥാനം ക്രമ നം. 58 ൽ നിന്നും 59 ആയും മാറ്റി ശ്രീ.ജി. പ്രഹ്ളാന്റെ സീനിയോറിറ്റി പുന.സ്ഥാപിച്ചുകൊണ്ട് ഉത്തരവാകുന്നു. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച മുൻഗണന പട്ടിക ടി ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-<br>
ഷുജ. ആർ<br>
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. പ്രഹ്ളാദൻ. ജി, സീനിയർ ക്ലാർക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

പകർപ്പ്

1. സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ശ്രീമതി. ഗീത.ടി, സീനിയർ ക്ലാർക്ക്, ഗവൺമെന്റ് വിക്ടോറിയ കോളേജ് ഹോസ്റ്റൽ, പാലക്കാട്
3. കരുതൽ ഫയൽ/ നടപ്പു ഫയൽ .

//അംഗീകാരത്തോടെ //

സൂപ്രണ്ട്.

എസ്.യു.06.03.2020

1820991